കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വളയം ഗ്രാമപഞ്ചായത്ത് - 2018-19 വാർഷിക പദ്ധതി - വളയം ടൗണിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചത് - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 143 /2019/തസ്വഭവ | തിരുവനന്തപുരം, തീയതി, 24.01.2019

പരാമർശം :- 1. വളയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.11.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018-ലെ 4.11 നമ്പർ തീരുമാനം .

**ഉത്തരവ്**

വളയം ഗ്രാമപഞ്ചായത്തിലെ പ്രധാന ടൗണായ വളയത്ത് ഓടയിൽ മാലിന്യം തള്ളുന്നത് തടയാൻ സിസി. റ്റി.വി. സ്ഥാപിക്കുന്നതിലേക്കായി തനത് ഫണ്ടിൽ നിന്നും 80000 രൂപയും വ്യാപാരികളുടെ വിഹിതമായി 20000 രൂപയും ഉൾപ്പെടെ 100000 രൂപയുടെ വളയം ടൗണിൽ CCTV സ്ഥാപിക്കൽ (പ്രോ.നം.14 /19)പ്രോജെക്ട് പഞ്ചായത്ത് നടപ്പിലാക്കി എന്നും ആയതിനു സാധൂകരണം നൽകണമെന്നും വളയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു സമീപത്തെ വ്യാപാരികളുടെ കൂടി വിഹിതം ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എന്നതിനാൽ പരാമർശം (2) യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വളയം ഗ്രാമപഞ്ചായത്തിലെ പ്രധാന ടൗണായ വളയത്ത് ഓടയിൽ മാലിന്യം തള്ളുന്നത് തടയാൻ സിസി. റ്റി.വി. സ്ഥാപിക്കുന്ന പദ്ധതി പ്രത്യേകമായി പരിഗണിച്ച് സാധൂകരണം നൽകി ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വളയം ഗ്രാമപഞ്ചായത്ത്,കോഴിക്കോട് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്